/56922/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക. G, IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – അങ്കണവാടി പരിശീലന പദ്ധതി - അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് – ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ച കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:
1. 12.07.202022 ലെ സ.ഉ(സാ.ധാ)നം. 324/2022/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 10.06.2022 ലെ ICDS.B8/1604/2022 നമ്പർ കത്ത്
3. ഈ കാര്യാലയത്തിലെ 08.08.2022 ലെ ICDS.B8/1608/2022 നമ്പർ ഉത്തരവ്

**ഉത്തരവ് നം. ICDS.B.8/1608/2022 തീയതി: 25-08-2022**

ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള ജോബ്, റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. അങ്കണവാടി പ്രവർത്തകർക്കുള്ള റിഫ്രഷർ പരിശീലനം നടത്തുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിന് പരാമർശം (2) പ്രകാരം എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ച കൊണ്ടും പരിശീലനം നടത്തുന്നതിന് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവാകുന്നു.

1. ഹെൽപ്പർ റീഫ്രഷർ ട്രെനിങ്ങിന്റെ ആദ്യ രണ്ടു ബാച്ചുകൾക്കുള്ള തുകയാണ് ഇതോടൊപ്പം അനുവദിക്കുന്നത് . അവശേഷിക്കുന്ന ബാച്ചുകൾക്കുള്ള തുക ഇതിനു തുടർച്ചയായി അനുവദിക്കുന്നതാണ്.
2. അങ്കണവാടി ഹെൽപ്പർമാരുടെ റിഫ്രഷർ ട്രെയിനിംഗിനുള്ള മൊഡ്യൂൾ അടിസ്ഥാനപ്പെടുത്തിയാകണം ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടത്. ട്രെയിനിംഗ് മൊഡ്യൂൾ വകുപ്പിന്റെ വെബ് സൈറ്റിൽ 'Orders and Notifications' എന്ന ഭാഗത്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.
3. ഓരോ ജില്ലയിലും മാസ്റ്റർ ട്രെയിനർമാരായി(TOT) 15 പേർ വീതം ഉൾക്കൊള്ളുന്ന ടീം രൂപീകരിച്ച് പരിശീലനം നല്കിയിട്ടുണ്ട്. Resource Persons ആയി ഈ ടീമിനെ

ജില്ലാതലങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

4. ട്രെയിനിംഗ് നടത്തുന്ന കെട്ടിടങ്ങൾ സംബന്ധിച്ച് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളുടെ വിഷയത്തിൽ 2022 ജൂൺ 16, 17 തീയതികളിൽ ജില്ലാതല ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗിന്റേയും മേൽ പ്രോഗ്രാം ഓഫീസർമാർ, ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി എന്നിവരുമായി 28.06.2022 ന് ഡയറക്ടർ നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിലും കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കെട്ടിടങ്ങളിൽ വച്ച് നടത്താവുന്നതാണ്.
5. വിഷയ വിദഗ്ധരായിട്ടുള്ള RP മാരെ Guest Speaker മാരായി ഉൾപ്പെത്താവുന്നതാണ്. ഇത്തരത്തിൽ ഒരു ബാച്ചിന് പരമാവധി 20 Guest Speaker മാരെ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ ഉൾപ്പെടുത്തുന്നവർക്ക് പരമാവധി 1000/- രൂപ നിരക്കിൽ ഹോണറേറിയം നല്കാവുന്നതാണ്.
6. വകുപ്പിൽ നിലവിൽ ജോലി ചെയ്തു വരുന്നവർക്ക് ജീവനക്കാർക്ക് ക്ലാസ്സെടുക്കുന്ന ഇനത്തിൽ ഹോണറേറിയം നല്കേണ്ടതില്ല.
7. ഹെൽപ്പർ റിഫ്രഷർ ട്രെയിനിംഗിന് ഒരു ബാച്ചിന് 50 പേരെ ഉൾപ്പെടുത്താവുന്നതാണ്.
8. ട്രെയിനിംഗുകൾ 2022 ആഗസ്റ്റ് മാസം മുതൽ തുടങ്ങേണ്ടതും സെപ്റ്റംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.
9. ട്രെയിനിംഗിന് നിയോഗിച്ചിട്ടുള്ള ഹെൽപ്പർമാരുടെ പങ്കാളിത്തം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസറും സി.ഡി.പി.ഒ മാരും ഉറപ്പു വരുത്തേണ്ടതാണ്. ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് Annexure II ആയി നല്കിയിട്ടുള്ള പ്രൊഫോർമയിൽ ഓരോ ബാച്ചും പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ ലഭ്യമാക്കേണ്ടതാണ്.
10. റിഫ്രഷർ ട്രെയിനിംഗുകൾ നടത്തുന്നതിന് 50 പേർ ഉൾപ്പെടുന്ന ഒരു ബാച്ചിന് പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെപ്പറയുന്ന ഇനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നു.

| SL No | Item | Rate | Sanctioning Amount |
|---|---|---|---|
| 1. | Food (Breakfast, Lunch, Dinner, Tea & Snacks) | 300/- per head (300x50x5) | 75,000/- |
| 2. | Travelling Allowance | 500/head/course | 25,000/- |
| 3. | Honorarium to Guest Speakers (maximum 20 Lecture per Course) | 1000/- | 20,000/- |
| 4. | Cost of Training Materials | 100/- per Trainee | 5,000/- |
| 5. | Field Visit | 4,000/- | 4,000/- |

| | | | |
|---|---|---|---|
| | Total | | 1,29,000/- |

11 മേൽ ചിലവുകൾ കൂടാതെ ഒരു ജില്ലയ്ക്ക് ഒരു മാസം 50,000/- രൂപ Room, Hall വാടക ഇനത്തിലും രണ്ട് ബാച്ചുകൾക്കും കൂടി 5,000/- രൂപാ വീതം Other Expenses ഇനത്തിലും അനുവദിക്കുന്നു. 50,000/- രൂപ വാടക ഇനത്തിൽ അനുവദിക്കുന്നത് സെപ്തംബർ മാസത്തെ മുഴുവൻ ട്രെയിനിംഗുകൾക്കും കൂടി ചേർത്തിട്ടുള്ള തുകയാണ്.

12 മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും ചുവടെപ്പറയും പ്രകാരം തുക അനുവദിച്ച് നല്കുന്നു.

| ക്രമ നം | ജില്ല | ട്രെയിനിംഗിന് അനുവദിക്കുന്ന തുക | ഹാൾ റൂം വാടക 1 മാസത്തേയ്ക്ക് | മറ്റ് ചിലവുകൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 2. | കൊല്ലം | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 3. | പത്തനംതിട്ട | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 4. | ആലപ്പുഴ | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 5. | കോട്ടയം | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 6. | ഇടുക്കി | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 7. | എറണാകുളം | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 8. | തൃശ്ശൂർ | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 9. | പാലക്കാട് | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 10. | മലപ്പുറം | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 11. | കോഴിക്കോട് | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 12. | വയനാട് | 2,58,000/- (1,29,000 x | 50,000/- | 5,000/- | 3,13,000/- |

| | | | | | |
|---|---|---|---|---|---|
| | | 2) | | | |
| 13. | കണ്ണൂർ | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| 14. | കാസർകോഡ് | 2,58,000/- (1,29,000 x 2) | 50,000/- | 5,000/- | 3,13,000/- |
| | ആകെ | 36,12,000/- | 7,00,000/- | 70,000/- | 43,82,000/- |

മേൽ ലിസ്റ്റ് പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിനായി ആകെ 43,82,000/- (നാല്പത്തി മൂന്ന് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപാ മാത്രം ) എല്ലാ ജില്ലാ വനിതശിശുവികസന ഓഫീസർമാർക്കും അലോട്ട്മെന്റായി അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. ജില്ലാ വനിതശിശുവികസന ഓഫീസർമാർ മേൽ തുക അതാത് പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് നല്കേണ്ടതാണ്.

ഈ ഉത്തരവോടെ പരാമർശം 3 പ്രകാരമുള്ള ഉത്തരവ് റദ്ദാകുന്നതാണ്. പ്രോഗ്രാം ഓഫീസർമാർ അനുവദിച്ചിട്ടുള്ള സമയ പരിധിയ്ക്കുള്ളിൽ ട്രെയിനിംഗുകൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് (Annexure II), Statement of Expenditure, UC എന്നിവ ഉൾപ്പെടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-41 (P) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട് എ സെക്ഷൻ
3. സൂപ്രണ്ട്, പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/സ്പെയർ